# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE:10.10.2026**

1. ദേശീയ തലസ്ഥാനത്ത് ജന്തർമന്തറിലെ പ്രതിഷേധത്തിന് അനുമതി നിഷേധിച്ച് ഡൽഹി പോലീസ്; 45 മെട്രോ സ്റ്റേഷനുകളുടെ കവാടങ്ങൾ വൈകിട്ട് ആറുമണിവരെ അടച്ചിടും.

2. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് മറ്റെന്നാൾ തുടക്കമാകും, സമ്മേളനം പ്രധാനമായും നിയമനിർമാണത്തിനെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.

3. ഇന്ന് ലോക മാനസികാരോഗ്യദിനം, മാനസികപ്രശ്നങ്ങൾ തുറന്നുപറയാനും സഹായം തേടാനും മടിക്കരുതെന്ന് മന്ത്രി രമേശ് ചെന്നിത്തല.

4. കന്യാകുമാരി ജില്ലയിലെ പത്മനാഭപുരത്ത് നിന്നുള്ള നവരാത്രി വിഗ്രഹങ്ങളുടെ ഘോഷ യാത്ര, തിരുവനന്തപുരം ജില്ലയിൽ പ്രവേശിച്ചു.

5. സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഇന്ത്യൻ സൂപ്പർ ലീഗിന്റെ 2026-27 സീസണ് ഇന്ന് തുടക്കം. ആദ്യ മത്സരം ബംഗളൂരു എഫ്സിയും, എസ്.സി ഡൽഹിയും തമ്മിൽ.

RNU TVPM

## ഡൽഹി-പ്രതിഷേധം

ഡൽഹിയിലെ ജന്തർമന്തറിൽ ഇന്ന് നടത്താനിരുന്ന സി.ജെ.പി.യുടെ പ്രതിഷേധ പരിപാടിക്ക് ഡൽഹി പോലീസ് അനുമതി നിഷേധിച്ചു. മുൻകാലങ്ങളിലെ മാർഗനിർദേശ ലംഘനങ്ങളും പൊതുസുരക്ഷയും കണക്കിലെടുത്താണ് നടപടി. പ്രതിഷേധങ്ങൾക്കും മറ്റ് പരിപാടികൾക്കും കുറഞ്ഞത് പത്ത് ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണമെന്ന് ഡൽഹി പോലീസ് ജോയിന്റ് കമ്മീഷണർ നൂപൂർ പ്രസാദ് അറിയിച്ചു. മേഖലയിൽ നിരോധനാജ്ഞ ഏർപ്പെടുത്തിയിട്ടുണ്ട്. നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും പോലീസ് വ്യക്തമാക്കി. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഡൽഹിയിലെ 45 മെട്രോ സ്റ്റേഷനുകളുടെ കവാടങ്ങൾ വൈകിട്ട് ആറുവരെ അടച്ചിടും. ദേശീയ തലസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡൽഹി ട്രാഫിക് പോലീസും ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

************************************

## നിയമസഭ

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് മറ്റെന്നാൾ തുടക്കമാകും. ഒൻപത് ദിവസം സഭ ചേരുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു. പ്രധാനമായും നിയമനിർമാണത്തിനായാണ് സമ്മേളനം ചേരുന്നത്. കേരള നിയമസഭയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് നവംബർ ഒന്നിന് തുടക്കമാകും.

************************************

## വോട്ടർപട്ടിക - പ്രത്യേക യജ്ഞം

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് ഈ മാസം 15 മുതൽ 31 വരെ പ്രത്യേക യജ്ഞം നടത്തും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിക്കും.

***********************************

## ലോക മാനസികാരോഗ്യ ദിനം (ഇൻട്രോ)

ഇന്ന് ലോക മാനസികാരോഗ്യ ദിനം. ജീവിതാനുഭവങ്ങൾ കേൾക്കാം: യഥാർത്ഥ ശബ്ദങ്ങൾ, യഥാർത്ഥ മാറ്റങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം. മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ വൈദ്യസഹായം തേടുന്നതിൽ, സമൂഹത്തിന്റെ പൊതുവായ സമീപനത്തെക്കുറിച്ചു തിരുവനന്തപുരം SAT ആശുപത്രിയിലെ സൈക്യാട്രിസ്റ്റ് ഡോക്ടർ ജയപ്രകാശ് ആർ. ആകാശവാണി വാർത്തകളോട് സംസാരിക്കുന്നു...

(ഹോൾഡ് വോയിസ്)

***********************************

## രമേശ് ചെന്നിത്തല

മാനസികാരോഗ്യ പ്രശ്നങ്ങൾ തുറന്നുപറയണമെന്നും സഹായം തേടാൻ മടിക്കരുതെന്നും മന്ത്രി രമേശ് ചെന്നിത്തല. മാനസിക പ്രയാസങ്ങൾ ദൗർബല്യമല്ലെന്നും ഇത്തരം പ്രശ്നങ്ങൾ നേരിടുന്നവരെ ചേർത്തുപിടിക്കാനും പിന്തുണയ്ക്കാനും സമൂഹം തയ്യാറാകണമെന്നും ലോക മാനസികാരോഗ്യ ദിന സന്ദേശത്തിൽ അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്ക് സുരക്ഷയും

RNUTVPM

നിയമപരിരക്ഷയും ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം വ്യക്തമാക്കി.

************************************

## മാനസികാരോഗ്യം-ക്യാമ്പയിൻ

വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംരക്ഷിക്കാൻ 'സന്തോഷത്തോടെ പഠിക്കാം' എന്ന പേരിൽ സംസ്ഥാനവ്യാപക ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. മറ്റെന്നാൾ മുതൽ ഈ മാസം 17 വരെ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സർക്കാർ സ്കൂളുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ പരിപാടികൾ നടത്തും. പഠനസമ്മർദം, പരീക്ഷാഭയം, ഉത്കണ്ഠ, തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന വിദ്യാർത്ഥികളെ നേരത്തേ തിരിച്ചറിഞ്ഞ് കൗൺസലിംഗും മാനസികാരോഗ്യ പിന്തുണയും ഉറപ്പാക്കും.

RNU TVPM

************************************

## മത്സ്യത്തൊഴിലാളി പെൻഷൻ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ ഈ മാസം 15നകം ആധാർ ഓതൻറിക്കേഷൻ പൂർത്തിയാക്കണം. 23,657 പേർ ഇനിയും നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ആധാർ കാർഡിന്റെയും പെൻഷൻ പാസ്ബുക്കിന്റെയും പകർപ്പുകളുമായി അർഹരായ ഗുണഭോക്താക്കൾ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടണം.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

************************************

## നവരാത്രി വിഗ്രഹ ഘോഷ യാത്ര

തിരുവനന്തപുരത്തെ നവരാത്രി പൂജയുമായി ബന്ധപ്പെട്ട് കന്യാകുമാരി ജില്ലയിലെ പത്മനാഭപുരത്ത് നിന്നുള്ള നവരാത്രി വിഗ്രഹങ്ങളുടെ ഘോഷ യാത്ര കേരളത്തിൽ പ്രവേശിച്ചു. ഉച്ചയോടെ കേരള-തമിഴ്നാട് അതിർത്തിയായ കളിയിക്കാവിളയിൽ എത്തിയ ഘോഷയാത്രയെ കേരള പോലീസ്, റവന്യൂ, തിരുവിതാംകൂർ ദേവസ്വം അധികൃതർ ചേർന്ന് ആചാരപൂർവം സ്വീകരിച്ചു. ഘോഷയാത്ര ഇന്ന് രാത്രിയോടെ നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെത്തും. നാളെ വൈകുന്നേരം ഘോഷയാത്ര ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തുന്നതോടെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമാകും.

************************************

## പാലക്കാട് - നെല്ല് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ രണ്ടാം വിള നെല്ല് സംഭരണത്തിന് തുടക്കമായി. കൊയ്ത്ത് 50 ശതമാനത്തിലധികം പൂർത്തിയായ പാടശേഖരങ്ങളിൽ നിന്നാണ് ആദ്യ ഘട്ടത്തിൽ നെല്ലെടുക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

PRUTVPM

(വോയിസ്)

************************************

**മഴ**

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇന്ന് അർധരാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

************************************

**ഏകീകൃത ടൂറിസം ഹബ്ബ് (ഇൻട്രോ)**

ഇടുക്കിയിലെ മലയോര വിനോദസഞ്ചാര മേഖലയിൽ ഏകീകൃത ടൂറിസം ഹബ്ബ് ഒരുങ്ങുന്നു. അഞ്ച് പഞ്ചായത്തുകളിലെ പ്രധാന കേന്ദ്രങ്ങളെ കോർത്തിണക്കിയുള്ള വികസന പദ്ധതികൾ പുരോഗമിക്കുകയാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

************************************

**പി എം സേവ- ഗോത്ര മ്യൂസിയം**

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ

RNU TVPM

പരിപാടികൾ പുരോഗമിക്കുന്നു. ഗോത്രവർഗ സ്വാതന്ത്ര്യസമര സേനാനികളുടെ ത്യാഗസ്മരണകൾക്ക് ആദരമർപ്പിക്കുന്നതിനെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. ഗോത്രവർഗ നേതാക്കളുടെ പോരാട്ടങ്ങൾക്ക് ആദരമായി റാഞ്ചിയിലെ പഴയ സെൻട്രൽ ജയിലിൽ 142 കോടി രൂപ ചെലവിൽ ഒരുക്കിയ സ്വാതന്ത്ര്യസമര സേനാനി മ്യൂസിയം ശ്രദ്ധേയമാകുന്നു. 30 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന മ്യൂസിയം സിദ്ധു-കാനു, വീർ ബുധു ഭഗത്, ഗയാ മുണ്ട, ഭഗവാൻ ബിർസ മുണ്ട തുടങ്ങിയ പോരാളികളുടെ ധീരചരിത്രം പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നു. ആദിവാസി സമൂഹത്തിന്റെ സംഭാവനകളില്ലാതെ ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രം പൂർണമാകില്ലെന്ന സന്ദേശവും മ്യൂസിയം ഉയർത്തിപ്പിടിക്കുന്നു.

************************************

## ഐഎസ്എൽ - ഫുട്ബോൾ

ഇന്ത്യൻ സൂപ്പർ ലീഗിന്റെ 2026-27 സീസണ് ഇന്ന് തുടക്കമാകും. ആദ്യ മത്സരത്തിൽ ബംഗളൂരു എഫ്സി, എസ്.സി ഡൽഹിയെ നേരിടും. വൈകുന്നേരം 5 മണിക്ക് ബംഗളരുവിലാണ് മത്സരം.

************************************

## ഇന്ത്യ-വിൻഡീസ് ടി20

ഇന്ത്യ- വിൻഡീസ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം നാളെ നടക്കും. വൈകുന്നേരം 7 മണിക്ക് ഇൻഡോറിലാണ് മത്സരം. ഇന്നലെ റാഞ്ചിയിൽ നടന്ന രണ്ടാം മത്സരത്തിൽ ഇന്ത്യക്കെതിരെ വെസ്റ്റ് ഇൻഡീസ് 6 വിക്കറ്റിന് വിജയിച്ചിരുന്നു. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകളും നിലവിൽ പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

RNUTVPM

***********************************

## ലക്ഷദ്വീപ്-സമിതി

ദേശീയ തലത്തിലും ലക്ഷദ്വീപിലും കേന്ദ്രസർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി ഗവൺമെന്റ് അഷ്വറൻസ് പാർലമെന്ററി കമ്മിറ്റി വിലയിരുത്തി. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് വിശദാംശങ്ങൾ ശേഖരിച്ചതായി കമ്മിറ്റി ചെയർമാനും മുസഫർനഗർ എം.പിയുമായ ഹരേന്ദ്ര സിംഗ് മാലിക് പറഞ്ഞു. ലക്ഷദ്വീപ് സന്ദർശനത്തിനിടെ ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ലക്ഷദ്വീപ് എം.പി. ഹംദുള്ള സെയ്ദ് പാർലമെന്റിൽ ഉന്നയിച്ച വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ വിശദാംശങ്ങളും സമിതി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

***********************************

## ബി എസ് എൻ എൽ-മാരത്തൺ

ബിഎസ്എൻഎല്ലിന്റെ 26-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര ടെലികോം മന്ത്രാലയവുമായി സഹകരിച്ച് നാളെ മിനി മാരത്തൺ' സംഘടിപ്പിക്കും. രാവിലെ അഞ്ചിന് തിരുവനന്തപുരത്ത് പി.എം.ജി. ജംഗ്ഷനിലെ ബിഎസ്എൻഎൽ കേരള സർക്കിൾ ഓഫീസിൽ നിന്ന് ആരംഭിക്കുന്ന മാരത്തൺ അർജ്ജുന അവാർഡ് നേതാവ് കെ.എം. ബീനാമോൾ ഫ്ലാഗ് ഓഫ് ചെയ്യും. ജീവനക്കാരും കായികതാരങ്ങളും ഉൾപ്പെടെ ആയിരത്തോളം പേർ പങ്കെടുക്കും.

***********************************

RNU TVM

## മുത്തങ്ങ- പരിശീലനം

വയനാട് മുത്തങ്ങയിൽ അധിനിവേശ സസ്യങ്ങളിൽ നിന്ന് ബയോചാർ ഉൽപ്പാദിപ്പിക്കുന്നതിൽ 165-ലധികം ഗോത്ര-വനാശ്രിത സമൂഹാംഗങ്ങൾക്ക് പരിശീലനം നൽകി. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പിന്തുണയോടെ കഴിഞ്ഞ നാല് ദിവസങ്ങളിലായിരുന്നു പരിശീലനം. അരിപ്പൂവ്, മഞ്ഞക്കൊന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളെ മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ബയോചാറാക്കി മാറ്റുന്ന രീതിയാണ് പരിചയപ്പെടുത്തിയത്.

RNU TVPM